**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 564** — **24-08-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി കെ.എസ്.എഫ്. ഇ. -യും കുടുംബശ്രീയും ചേർന്ന് 2020-ൽ സംയുക്തമായി നടപ്പിലാക്കിയ വിദ്യാകിരണം പദ്ധതി പ്രകാരം വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്ന ലാപ്ടോപ്പുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി കെ.എസ്.എഫ്.ഇ യും കുടുംബശ്രീയും ചേർന്ന് 2020 -ൽ സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് കെ.എസ്.എഫ്.ഇ **വിദ്യാശ്രീ** പദ്ധതി. (വിദ്യാകിരണം പദ്ധതി അല്ല.) ഈ പദ്ധതി പ്രകാരം വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്ന ലാപ്ടോപ്പുകളുടെ എണ്ണം 5,00,000 ആയിരുന്നു. |
| (ബി) | ലാപ്ടോപ്പുകൾ ലഭിക്കുന്നതിനായി പ്രസ്തുത പദ്ധതിയിൽ ചേർന്നിട്ടുള്ള ആളുകളുടെ എണ്ണം, ഇപ്രകാരം ലാപ്ടോപ്പുകൾ ലഭിച്ചിട്ടുള്ളവരുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതിയിൽ 68,498 അപേക്ഷകൾ ലാപ്ടോപ്പുകൾക്കുവേണ്ടി ലഭിച്ചിരുന്നു. എന്നാൽ ലാപ്ടോപ് കമ്പനികൾ സമയത്തിന് സപ്ലൈ ചെയ്യാത്തതിനാൽ 8,550 പേർക്കാണ് ലാപ്ടോപ്പുകൾ നൽകിയിട്ടുള്ളത്. |
| (സി) | ലാപ്ടോപ്പുകൾ യഥാസമയം ലഭിക്കാത്തതിനാൽ ചിട്ടിയിൽ ചേർന്ന ഭൂരിഭാഗം ആളുകളും ആയത് നിരാകരിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | (സി) | ലാപ്ടോപ്പുകൾ യഥാസമയം വിതരണം ചെയ്യുന്നതിൽ ലാപ്ടോപ്പ് കമ്പനികൾ കാലതാമസം വരുത്തിയതിനാൽ സർക്കാർ ഉത്തരവ് പ്രകാരം പദ്ധതിയിൽ ഒരു പുനഃക്രമീകരണം വരുത്തിയിരുന്നു. ആയതുപ്രകാരം മാർക്കറ്റിൽ നിന്നും ലാപ്ടോപ്പ് വാങ്ങുന്നതിന് 20,000/- രൂപ വരെയുള്ള വായ്പ നൽകുന്നതിനും, ലാപ്ടോപ്പ് ലഭിക്കുന്നതുവരെ കാത്തിരിക്കുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. മാത്രമല്ല ക്യാൻസൽ ചെയ്ത് അതുവരെ അടച്ച തുക പലിശ ഉൾപ്പെടെ തിരികെ നൽകുന്നതിനും അനുവദിച്ചിരുന്നു. അതുപ്രകാരം 1,487 പേർ മാർക്കറ്റിൽ നിന്നും ലാപ്ടോപ്പ് വാങ്ങുകയും അവശേഷിക്കുന്നവരിൽ നല്ലൊരു ഭാഗം ഗുണഭോക്താക്കൾ അവർ പദ്ധതിയിൽ അടച്ച തുക പലിശ സഹിതം തിരികെ വാങ്ങുകയുമുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതിയുടെ ആദ്യഘട്ടത്തിൽ കൊക്കോണിക്സ് എന്ന കമ്പനി വിതരണം ചെയ്ത ലാപ്ടോപ്പുകളുടെ കേടുപാട് പദ്ധതിയുടെ സ്വീകാര്യതയെ ബാധിക്കുകയുണ്ടായോ; വ്യക്തമാക്കുമോ; | (ഡി) | പദ്ധതിയുടെ ആദ്യഘട്ടത്തിൽ Coconics കമ്പനി വിതരണം ചെയ്ത ലാപ്ടോപ്പുകൾ തകരാറിലായത് കമ്പനിതന്നെ ഉടൻ തിരിച്ചെടുത്ത് പുതിയത് വിതരണം ചെയ്യുകയോ, കേടുപാട് തീർത്തുകൊടുക്കുകയോ ചെയ്തതിനാൽ പദ്ധതിയുടെ സ്വീകാര്യതയെ ബാധിക്കുകയുണ്ടായിട്ടില്ല. |
| (ഇ) | ചിട്ടിയിൽ ചേർന്ന അംഗങ്ങൾ ഇപ്രകാരം നിരാകരിച്ച എത്ര ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ. -യുടെ പക്കൽ അവശേഷിക്കുന്നുണ്ട്; വിശദമാക്കാമോ; | (ഇ) | ഗുണഭോക്താക്കൾ നിരാകരിച്ച 4,120 ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ യുടെ പക്കൽ അവശേഷിക്കുന്നുണ്ട്. |
| (എഫ്) | കെഎസ്എഫ്.ഇ. -യുടെ കൈവശമുള്ള ഇത്തരം ലാപ്ടോപ്പുകൾ ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്നതിനോ ജീവനക്കാർക്ക് വിൽക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എഫ്) | സർക്കാർ ഉത്തരവ് GO(Rt)No. 504/2022/Taxes dt. 25/06/2022 പ്രകാരം നിലവിൽ ഉപഭോക്താക്കൾ വേണ്ടെന്ന് വെച്ച 4,120 ലാപ്ടോപ്പുകൾ ഓഫീസ് ആവശ്യത്തിനോ ജീവനക്കാർക്ക് വിൽക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ട്. |
| (ജി) | പ്രസ്തുത പദ്ധതിക്കായി വാ ങ്ങിയ ലാപ്ടോപ്പുകളുടെ എണ്ണം, നിരക്ക്, എന്നിവ വ്യക്തമാക്കാമോ; ഇവ ജീവനക്കാർക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുള്ള നിരക്ക് എത്രയെന്ന് വിശദമാക്കാമോ ? | (ജി) | പ്രസ്തുത പദ്ധതിക്കായി Acer കമ്പനിയുടെ 3,640, Coconics കമ്പനിയുടെ - 847, HP കമ്പനിയുടെ -3,953, Lenovoകമ്പനിയുടെ - 4,230 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുള്ളതും ആയതിന്റെ നിരക്ക് യഥാക്രമം Rs.17,883/-, Rs.14,990/-, Rs.17,990/-, Rs.18,000/- എന്നിങ്ങനെയും ആണ്. സർക്കാർ ഉത്തരവ് GO(Rt) No.504/2022/Taxes dt. 25/06/2022 പ്രകാരം ഉപഭോക്താക്കൾ വേണ്ടെന്ന് വെച്ച ലാപ്ടോപ്പുകളിൽ Coconics ഒഴികെ ജീവനക്കാർക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ യുടെ 560-ാംമത് ബോർഡ് യോഗതീരുമാനപ്രകാരം വിലയിനത്തിൽ 2,500/- രൂപ കുറവുചെയ്ത് ജീവനക്കാർക്ക് ലാപ്ടോപ്പുകൾ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ